## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ. *231

18.02.2016 -ലെ മറുപടിയ്ക്ക്

# തൊഴിൽ നിയമഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കൃഷ്ണൻ<br>ശ്രീ. എളമരം കരീം<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പാർലമെന്റിൽ അവതരിപ്പിച്ചിട്ടുള്ള തൊഴിൽ നിയമ ഭേദഗതിയിലെ വ്യവസ്ഥകളോടുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ; | (എ) ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള തൊഴിൽ നിയമങ്ങളിൽ മാറ്റം വരുത്തുന്നതു സംബന്ധിച്ച വിഷയത്തിൽ വിവിധ സംസ്ഥാന തൊഴിൽ സെക്രട്ടറിമാരുമായി കേന്ദ്ര ലേബർ സെക്രട്ടറി ചർച്ച നടത്തിയിട്ടുണ്ട്. ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലില്ലാത്ത സംസ്ഥാനങ്ങൾക്ക് വേണ്ടിയുള്ള ഒരു കരട് നിയമമാണ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ളത്. ഇപ്പോൾ ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിലവിലുള്ള സംസ്ഥാനങ്ങൾക്ക് ഇത് ബാധകമായിരിക്കുകയില്ല എന്നതാണ് ചർച്ചയിൽ കേന്ദ്ര സർക്കാർ എടുത്തിരിക്കുന്ന നിലപാട്. |
| (ബി) ഈ നിയമഭേദഗതി തൊഴിൽ മേഖലയിൽ സൃഷ്ടിക്കാനിടയുള്ള പ്രത്യാഘാതം പഠിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി)പരിശോധിച്ചിട്ടുണ്ട്. ഷോപ്പ്സ് & എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരമുള്ള നിലവിലെ ബില്ലിൽ പത്തോ അതിൽ കൂടുതലോ ജീവനക്കാർ ഉള്ള സ്ഥാപനങ്ങൾ മാത്രമേ പരിധിയിൽ പെടുന്നുള്ളൂ. ആയത് കേരളത്തിൽ 10-ൽതാഴെ ജോലിക്കാരുള്ള സ്ഥാപനങ്ങളിലെ തൊഴിലാളികളെ ദോഷകരമായി ബാധിക്കുമെന്ന് കരുതപ്പെടുന്നു. നിർദ്ദിഷ്ട ബില്ലിൽ തൊഴിലാളികൾക്ക് അനുവദിക്കുന്ന വിവിധതരം അവധി ആനുകൂല്യങ്ങളിൽ കുറവ് വരുത്തുന്നതിന് നിർദ്ദേശമുണ്ട്.<br><br>1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും നിയമത്തിലെ വകുപ്പ് 18 പ്രകാരം 6 മാസമോ അതിലധികമോ സേവനകാലയളവുള്ള തൊഴിലാളിയെ വിടുതൽ ചെയ്യുന്നതിന് മുന്നോടിയായി ഒരു മാസത്തെ നോട്ടീസോ തത്തുല്യമായ വേതനമോ തൊഴിലുടമ |

നിർബന്ധമായും നൽകേണ്ടതാണ്. മാത്രമല്ല പിരിച്ചുവിടുന്നതിനുള്ള മതിയായ കാരണവും തൊഴിലാളിയെ അറിയിക്കേണ്ട താണ്. കേന്ദ്ര സർക്കാർ പാർലമെന്റിൽ കൊണ്ടുവരുന്ന ഈ ബില്ലിൽ ഈ വ്യവസ്ഥ ഉൾപ്പെട്ടതായി കാണുന്നില്ല. ഇത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ദോഷകരമാണ്. സ്ത്രീ തൊഴിലാളികൾക്ക് തൊഴിലുടമ യാത്രാ സൗകര്യം ഏർപ്പെടുത്താതെ സ്ത്രീകളെ രാത്രി 7 മുതൽ രാവിലെ 6 വരെ ജോലി ചെയ്യിപ്പിക്കുവാൻ പാടില്ലായെന്ന സംസ്ഥാന നിയമത്തിന്റെ വ്യവസ്ഥയ്ക്ക് വിരുദ്ധമായാണ് പുതിയ കേന്ദ്രബില്ലിലെ നിർദ്ദേശങ്ങൾ. ആകയാൽ നിലവിലെ കേരള നിയമത്തിലെ വ്യവസ്ഥകൂടി പുതിയ ബില്ലിൽ ഉൾപ്പെടുത്തേണ്ടതാണെന്നും തൊഴിൽ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

Sreedeb

**സെക്ഷൻ ഓഫീസർ**